<u>പ്രസ്സ് റിലീസ്.</u> <u>07.06.2013</u>

# <u>മെഡിക്കൽ കോളേജുകളിലെ സായാഹ്ന ഒ.പി നാളെമുതൽ ആരംഭിക്കും</u>

## <u>മന്ത്രി വി.എസ് ശിവകുമാർ</u>

### <u>പകർച്ചപ്പനിക്കുള്ള ലാബ് ടെസ്റ്റ് സർക്കാർ ആശുപത്രികളിൽ സൗജന്യമാക്കി</u>

തിരുവനന്തപുരം: മെഡിക്കൽ കോളേജുകളിലെ സായാഹ്ന ഒ.പി നാളെമുതൽ ആരംഭിക്കുമെന്ന് മന്ത്രി വി.എസ്. ശിവകുമാർ അറിയിച്ചു. പകർച്ചപ്പനി വർധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്താണ് സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലും താലൂക്ക്–ജില്ല–ജനറൽ ആശുപത്രികളിലും ഈവനിംഗ് ഒ.പി ആരംഭിക്കുവാൻ സർക്കാർ തീരുമാനമെടുത്തത്. മെഡിക്കൽ കോളേജുകളിൽ വൈകുന്നേരം 4 മുതൽ 8 വരെയും മറ്റ് ആശുപത്രികളിൽ ഉച്ചക്ക് 2 മുതൽ രാത്രി 8 വരെയുമാണ് ഈവനിംഗ് ഒ.പി നടത്തുക. മെഡിക്കൽ കോളേജുകളിലെ നിലവിലുള്ള ഒ.പി സമയം രാവിലെ 9 മുതൽ ഉച്ചയ്ക്ക് 3 മണിവരെയാണ്. ഇത് രാവിലെ 8 മുതൽ ഉച്ചയ്ക്ക് 2 മണിവരെയായി ക്രമീകരിക്കും. മറ്റ് ആശുപത്രികളിലെ, 8 മുതൽ 1 മണിവരെ എന്ന ഒ.പി സമയത്തിൽ മാറ്റമില്ല. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള ഒ.പി. സമയം രാവിലെ 9 മുതൽ 4 മണിവരെയാണ്. ഇത് മുഴുവൻ രോഗികളെയും പരിശോധിക്കുന്നതുവരെ തുടരും. 4 മുതൽ 8 മണി വരെയാണ് സായാഹ്ന ഒ.പി പ്രവർത്തിക്കുക. പകർച്ചപ്പനിയുമായി ബന്ധപ്പെട്ട എല്ലാ ലാബ് ടെസ്റ്റുകളും സർക്കാർ ആശുപത്രികളിൽ സൗജന്യമായി ലഭ്യമാക്കും. ഇതിനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞതായും മന്ത്രി അറിയിച്ചു. കൂടുതൽ പനി വാർഡുകൾ ആരംഭിക്കും. പനി ബാധിതരെ എ, ബി, സി കാറ്റഗറിയായി തിരിച്ച് വിദഗ്ദ്ധ ചികിത്സ വേണ്ട "സി" വിഭാഗക്കാർക്കായി ഇന്റൻസീവ് കെയർ യൂണിറ്റ് സൗകര്യമുള്ള ഡെഡിക്കേറ്റഡ് വാർഡും സജ്ജീകരിക്കും. ആവശ്യത്തിനുള്ള മരുന്നും സ്റ്റാഫും എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജുകളിലെ മെഡിസിൻ, പീഡിയാട്രിക് വിഭാഗങ്ങളിൽ ഓരോന്നിലും 5 ഡോക്ടർമാരെ വീതം (ആകെ 50 പേർ) കരാർ വ്യവസ്ഥയിൽ അടിയന്തിരമായി നിയമിക്കാനും തീരുമാനമെടുത്തിരുന്നു. തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകളിൽ 5 ലാബ് ടെക്നീഷ്യന്മാരെ വീതവും മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ 2 ലാബ് ടെക്നീഷ്യന്മാരെ വീതവും കരാറടിസ്ഥാനത്തിൽ നിയമിക്കും. അധികച്ചെലവുകൾ പരിഗണിച്ച് എല്ലാ മെഡിക്കൽ കോളേജുകൾക്കുമായി ഒരു കോടി രൂപ അനുവദിക്കും. ആരോഗ്യവകുപ്പിനുകീഴിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന 1902 ജീവനക്കാരുടെ സേവനകാലാവധി ജൂൺ 17 മുതൽ നാല് മാസത്തേക്ക് ദീർഘിപ്പിക്കുന്നതിനും നേരത്തെ ഉന്നതതലയോഗം തീരുമാനമെടുത്തിരുന്നതായും മന്ത്രി പറഞ്ഞു.

പി.വി.രതീഷ്
9995524658